# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA
**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**
**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**


# ചർച്ച പ്രഹസനം
# പണിമുടക്കുമായി മുന്നോട്ട്

ജനുവരി 1 ന് മുഖ്യമന്ത്രി വിളിച്ചുചേർത്ത ചർച്ച പ്രഹസനമായിരുന്നുവെന്ന് എല്ലാവരും സമ്മതിക്കുന്നു. അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ച സാഹചര്യത്തിലാണ് ചർച്ചയ്ക്ക് വിളിച്ചതെന്ന് പറഞ്ഞുകൊണ്ടാണ് മുഖ്യമന്ത്രി സംസാരിച്ചു തുടങ്ങിയത്. ആഗസ്റ്റ് 8 ന്റെ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കാനുള്ളതാണ്; പിൻവലിക്കാനുള്ളതല്ലെന്ന് തുടക്കത്തിൽതന്നെ മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

പങ്കാളിത്ത പെൻഷനിലേക്ക് മാറേണ്ടതിന്റെ ആവശ്യകതയാണ് മുഖ്യമന്ത്രി പ്രതിപാദിച്ചത്. കേരളത്തിനുമാത്രമായി ഒഴിഞ്ഞുനിൽക്കാൻ കഴിയില്ല. കേന്ദ്രധനകാര്യകമ്മീഷൻ ശുപാർശകളുടെയും കേന്ദ്രസർക്കാർ നയങ്ങളുടെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന യു.ഡി.എഫ് സർക്കാരിന് മറിച്ചൊരു ചിന്തയില്ല. സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിർത്തലാക്കുന്നത് ദ്രോഹകരണമാണെങ്കിലും അങ്ങനെചെയ്യാൻ ഞങ്ങൾ ബാധ്യസ്ഥരാണ്, നിലവിലുള്ളവർക്ക് പെൻഷൻ ഉറപ്പ് നൽകുന്നു എന്നിവയാണ് മുഖ്യമന്ത്രിയുടെ വാഗ്ദാനങ്ങൾ. എന്നാൽ പി.എഫ്.ആർ.ഡി.എ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് നിലവിലുള്ളവർക്കും ഉറപ്പില്ലല്ലോ എന്ന ചോദ്യത്തിന് അദ്ദേഹത്തിന് വ്യക്തമായ മറുപടിയില്ലായിരുന്നു. കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താം എന്ന ഒഴുക്കൻ മറുപടിയാണ് അദ്ദേഹം പറഞ്ഞത്. പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയാൽ നിലവിലുള്ള ജി.പി.എഫ് ഇല്ലാതാകും. കേരളത്തിൽ മാത്രം നിലനിർത്താം എന്ന മുഖ്യമന്ത്രിയുടെ ഉറപ്പ് നടപ്പിലാവാത്തതാണ്. കേന്ദ്ര ഗവൺമെന്റ് ഏജീസ് ഓഫീസ് മുഖേന നടപ്പിലാക്കുന്ന ജനറൽ പ്രൊവിഡന്റ് ഫണ്ട് (ജി.പി.എഫ്) നിർത്തലാക്കിയാലും സംസ്ഥാന ഗവൺമെന്റ് തുടരും എന്നുപറയുന്നത് വിശ്വസിക്കാൻ രാഷ്ട്രീയ തിമിരം ബാധിച്ച സെറ്റോ നേതാക്കൾക്കുമാത്രമേ കഴിയുകയുള്ളൂ. പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട പി.എഫ്.ആർ.ഡി.എ ബിൽ നിയമമാക്കുന്നതുവരെ ഉത്തരവ് നടപ്പിലാക്കരുതെന്ന ആവശ്യവും മുഖ്യമന്ത്രി നിരാകരിച്ചു.

പങ്കാളിത്ത പെൻഷൻ വ്യവസ്ഥയിൽ മിനിമം പെൻഷൻ ഉറപ്പുവരുത്തണമെന്ന സെറ്റോയുടെ തുടർച്ചയായിട്ടുള്ള ആവശ്യത്തിനുപോലും മറുപടി പറയാൻ മുഖ്യമന്ത്രിക്ക് കഴിഞ്ഞില്ല. പെൻഷൻ ഫണ്ട് സ്വരൂപിക്കുന്ന കമ്പനികളുടെ ഡെപോസിറ്റ് സ്കീമുകളുടെ വ്യവസ്ഥയനുസരിച്ചേ തുക പിൻവലിക്കാൻ കഴിയുകയുള്ളൂ. നിലവിലുള്ള പെൻഷൻ എന്ന വ്യവസ്ഥയുമായി ഒരു ബന്ധവും ഇല്ലാത്തതാണ് പങ്കാളിത്ത പെൻഷൻ. ഇത് പൂർണ്ണമായും ഡെപോസിറ്റ് സ്കീം ആണ്. ജീവനക്കാരുടെ 10% (+3% ടാക്സ്) കൂടാതെ സർക്കാരിന്റെ 10% വും കൂടി അവർക്ക് കിട്ടുന്നു എന്നതാണ് സ്വദേശത്തും വിദേശത്തുമുള്ള സ്വകാര്യ ഫിനാൻസ് കമ്പനികളുടെ നേട്ടം. അതിൽ മിനിമം പെൻഷൻ എന്ന വ്യവസ്ഥയേ ഇല്ല. ഈ യാഥാർത്ഥ്യം മുഖ്യമന്ത്രിക്കുതന്നെ സമ്മതിക്കേണ്ടിവന്നു. സർക്കാരിനെ ന്യായീകരിക്കുന്ന മാതൃഭൂമി പത്രം ഉൾപ്പെടെ മിനിമം പെൻഷൻ ഇല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുടുംബ പെൻഷനിൽ ചേരുന്നവർക്ക് നോമിനികളായി ഭാര്യയേയും, ഒരു കുട്ടിയേയും ചേർക്കാം. അതാണ് കുടുംബപെൻഷൻ എന്നാണ് മുഖ്യമന്ത്രിയുടെ വിശദീകരണം. ഇതും സ്റ്റാറ്റ്യൂട്ടറി പെൻഷനിലെ കുടുംബ പെൻഷനുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഇത് കേട്ട് കുടുംബപെൻഷനുണ്ടെന്ന് പ്രചരിപ്പിക്കുന്ന സെറ്റോ, ജി.എസ്.ടി.യു, കെ.പി.എസ്.ടി.യു നേതാക്കൾ പമ്പരവിഡ്ഢികളെന്ന് അധ്യാപകരും ജീവനക്കാരും പറയുമെന്നതിന് സംശയമില്ല.

മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് ജോലി കിട്ടുന്നതുവരെ സർവ്വീസിലുണ്ടായിരുന്ന ആളിന്റെ അവസാനമാസത്തെ ശമ്പളം നൽകുമെന്ന വാഗ്ദാനം എങ്ങനെയാണ് നടപ്പിലാക്കുന്നത് എന്ന ചോദ്യത്തിന് മറുപടി പറഞ്ഞില്ല.

എയ്ഡഡ് സ്കൂളുകളിൽ ഇതു കഴിയുമോ? രണ്ടുവർഷം കഴിഞ്ഞാലും നിയമനം കിട്ടാൻ കഴിയാത്ത സാഹചര്യമുള്ളപ്പോൾ അവസാനമാസം വാങ്ങിയിരുന്ന ശമ്പളം ജോലിനൽകുന്നതുവരെ കിട്ടും എന്ന പ്രഖ്യാപനവും വെറും തട്ടിപ്പാണെന്ന് വ്യക്തമാണ്.

ഇ.പി.എഫ് മോഡൽ പദ്ധതി നടപ്പിലാക്കും എന്ന് മുഖ്യമന്ത്രി പറഞ്ഞപ്പോൾ ആ വേല ഇങ്ങോട്ട് എടുക്കരുതെന്ന് സെറ്റോ നേതാവിനുതന്നെ മുഖത്തടിച്ചതുപോലെ പറയേണ്ട ഗതികേടുണ്ടായി. നിക്ഷേപം ട്രഷറിയിൽ ആക്കാൻ തീരുമാനിക്കണം എന്ന സെറ്റോ ആവശ്യത്തെ മുഖ്യമന്ത്രി മുഖവിലയ്ക്കെടുത്തില്ല. കാരണം കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് വേണ്ടിയാണ് പങ്കാളിത്തപെൻഷൻ പദ്ധതി കേരളത്തിലും നടപ്പിലാക്കാൻ പോകുന്നത് ഇക്കാര്യം ആക്ഷൻ കൗൺസിൽ ചൂണ്ടികാണിച്ചപ്പോൾ മുഖ്യമന്ത്രി മൗനംദീക്ഷിച്ചു. സർക്കാർ സ്ഥാപനങ്ങളിലോ പൊതുമേഖലാ ബാങ്കുകളിലോ തുക നിക്ഷേപിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടെന്നു പറയുകയും നിശ്ചയിക്കപ്പെട്ട സ്ഥാപനങ്ങളിൽ ചേരാതെ മറ്റേതെങ്കിലും ഓപ്ട് ചെയ്താൽ ഉത്തരവാദിത്തം പേരിനുപോലും ഞങ്ങൾക്കില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ശമ്പളം പരിഷ്ക്കരിക്കുമ്പോൾ പെൻഷൻ റിവിഷൻ നടത്തുമെന്ന് പറഞ്ഞ മുഖ്യമന്ത്രി കെ.എസ്.ആറിലെ പാർട് 3 ആയ പെൻഷൻ ആഗസ്റ്റ് 8 ന്റെ ഉത്തരവിലൂടെ എടുത്തുകളഞ്ഞല്ലോ? പെൻഷൻ വ്യവസ്ഥ എടുത്തുകളഞ്ഞാൽ റിവിഷൻ നടത്താൻ വ്യവസ്ഥാപിതമായി കഴിയില്ലല്ലോ എന്ന ചോദ്യത്തിന് മറുപടി പറയാതെ അദ്ദേഹം ഒഴിഞ്ഞുമാറി. ചുരുക്കത്തിൽ ഭരണകക്ഷി സംഘടനകളെന്ന് സ്വയം അവകാശപ്പെടുന്നവർപോലും ആശയക്കുഴപ്പത്തിലായ അവസ്ഥയാണ് ചർച്ചയിലുണ്ടായത്.

സ്റ്റാറ്റ്യൂട്ടറി പെൻഷനാണ് നല്ലതെന്നും പങ്കാളിത്ത പെൻഷൻ അംഗീകരിക്കില്ലെന്നും ചർച്ചക്കിടയിൽ അവർക്കുതന്നെ പറയേണ്ടിവന്നു. പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കാതെ എത്രത്തോളം നീട്ടുമോ അത്രത്തോളം സന്തോഷമുണ്ടെന്ന് സെറ്റോ നേതാവിനും പറയേണ്ടി വന്നു. സർക്കാരാകട്ടെ മുൻനിലപാടിൽ ഉറച്ചുനിൽക്കുന്ന ഘട്ടത്തിലും രാഷ്ട്രീയ യജമാന്മാർക്കുവേണ്ടി ജീവനക്കാരെ വഞ്ചിക്കുന്നവരായി സെറ്റോ നേതാക്കൾ മാറിയ കാഴ്ച അത്യന്തം ദയനീയമായിരുന്നു. പണിമുടക്കിനെ ഏറ്റവും കൂടുതൽ ഭയക്കുന്നത് സെറ്റോ നേതൃത്വമാണ്. അധ്യാപകരുടെയും ജീവനക്കാരുടെയും മനസ്സ് പണിമുടക്കുന്നവരോടൊപ്പമാണെന്ന് പറഞ്ഞുകൊണ്ടാണ് പണിമുടക്കമായി മുന്നോട്ടുപോകുമെന്ന് ചർച്ചയ്ക്കൊടുവിൽ സമരമുന്നണികൾ പ്രഖ്യാപിച്ചത്.

എക്സ്പെൻഡീച്ചർ കമ്മിറ്റി റിപ്പോർട്ടിൽ ശമ്പളപരിഷ്ക്കരണവുമായി ബന്ധപ്പെട്ട് മറുപടി പറഞ്ഞ മുഖ്യമന്ത്രി എയ്ഡഡ് സ്കൂളുകളെക്കുറിച്ചുള്ള പരാമർശങ്ങളെക്കുറിച്ച് ചോദിച്ച ചോദ്യങ്ങൾക്കുമുന്നിൽ നിശബ്ദത പാലിച്ചു. സർക്കാരിന്റെ ഉള്ളിലിരിപ്പാണ് എക്സ്പെൻഡീച്ചർ കമ്മറ്റി പ്രസിദ്ധീകരിച്ചത് എന്ന മട്ടിലായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം.

തിരുവനന്തപുരം
01.01.2013

**എം.ഷാജഹാൻ**
ജനറൽസെക്രട്ടറി